**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5243** **14-03-2023 - ൽ മറുപടിയ്ക്ക്**

**ഉത്തരവുകളിൽ ഉണ്ടാകുന്ന തെറ്റുകൾ തിരുത്തിക്കിട്ടാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ലാൻഡ് റവന്യൂ കമ്മീഷണർ മുതൽ വില്ലേജ് ഓഫീസർ വരെയുള്ള ഉദ്യോഗസ്ഥർ പൊതുജനങ്ങളുടെ അപേക്ഷകളിന്മേൽ പുറപ്പെടുവിയ്ക്കുന്ന ഉത്തരവുകളിൽ ഉണ്ടാകുന്ന തെറ്റുകൾ ഉത്തരവ് ഇറക്കുന്ന ഉദ്യോഗസ്ഥൻ തന്നെ തിരുത്തി പുതിയ ഉത്തരവ് നൽകുമോ; വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ ലാന്റ് റവന്യൂ കമ്മീഷണർ മുതൽ വില്ലേജ് ഓഫീസർ വരെയുള്ള കാര്യാലയങ്ങളിൽ പൊതുജനങ്ങളുടെ അപേക്ഷകളിന്മേൽ പുറപ്പെടുവിയ്ക്കുന്ന ഉത്തരവുകളിൽ എന്തെങ്കിലും തെറ്റുകൾ ("ക്ലറിക്കൽ എറർ") ഉണ്ടാകുകയാണെങ്കിൽ ആയതു അതേ ഉദ്യോഗസ്ഥൻ തന്നെ തിരുത്തി നൽകാറുണ്ട്. എന്നാൽ ഒരിക്കൽ പുറപ്പെടുവിച്ച ഉത്തരവുകൾ സംബന്ധിച്ച ആക്ഷേപങ്ങൾ, പരാതികൾ എന്നിവ പരിശോധിച്ച് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നതിനു അപ്പലേറ്റ് അതോറിറ്റിയ്ക്ക് അധികാരമുള്ളതാണ്. ബന്ധപ്പെട്ട ഉത്തരവുകളിൽ തന്നെ അപ്പീൽ സംബന്ധിച്ച വിവരങ്ങൾ നൽകിയിട്ടുണ്ടാകും. |
| (ബി) | ഒരു ഉദ്യോഗസ്ഥൻ നൽകുന്ന ഉത്തരവുകളിൽ ഉണ്ടായ തെറ്റുകൾ തിരുത്തുവാൻ വീണ്ടും അപ്പീൽ നൽകണമെന്ന നിർദേശം ഏതെങ്കിലും നിയമ പ്രകാരമോ സർക്കാർ ഉത്തരവ് പ്രകാരമോ നിലവിൽ ഉണ്ടോ; | (ബി) | സംസ്ഥാനത്തെ ലാന്റ് റവന്യൂ കമ്മീഷണർ മുതൽ വില്ലേജ് ഓഫീസർ വരെയുള്ള കാര്യാലയങ്ങളിൽ പൊതുജനങ്ങളുടെ അപേക്ഷകളിന്മേൽ പുറപ്പെടുവിയ്ക്കുന്ന ഉത്തരവുകളിൽ എന്തെങ്കിലും തെറ്റുകൾ ("ക്ലറിക്കൽ എറർ") ഉണ്ടാകുകയാണെങ്കിൽ ആയതു അതേ ഉദ്യോഗസ്ഥൻ തന്നെ തിരുത്തി നൽകാറുണ്ട്. എന്നാൽ ഒരിക്കൽ പുറപ്പെടുവിച്ച ഉത്തരവുകൾ സംബന്ധിച്ച ആക്ഷേപങ്ങൾ, പരാതികൾ എന്നിവ പരിശോധിച്ച് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നതിനു അപ്പലേറ്റ് അതോറിറ്റിയ്ക്ക് അധികാരമുള്ളതാണ്. ബന്ധപ്പെട്ട ഉത്തരവുകളിൽ തന്നെ അപ്പീൽ സംബന്ധിച്ച വിവരങ്ങൾ നൽകിയിട്ടുണ്ടാകും. |
| (സി) | ഭൂമി തരം മാറ്റവുമായി ബന്ധപ്പെട്ട് ആർ.ഡി.ഒ-മാർ നൽകുന്ന ഉത്തരവുകളിൽ ഉണ്ടാകുന്ന തെറ്റുകൾ തിരുത്തി നൽകാൻ ജില്ലാ കളക്ടർക്ക് അപ്പീൽ | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. റവന്യൂ ഡിവിഷണൽ ഓഫീസർമാർ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം 2018 പ്രകാരം ഭൂമി തരം മാറ്റി ഉത്തരവ് നൽകുമ്പോൾ അതിൽ വരുന്ന |

| | | | |
|---|---|---|---|
| | നൽകണം എന്ന് പൊതുജനങ്ങളോട് പറയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | "ക്ലറിക്കൽ എറർ" (സർവ്വെ നമ്പർ തെറ്റുക, വില്ലേജ് പഞ്ചായത്തിന്റെ പേര് തെറ്റുക തുടങ്ങിയവ) സംബന്ധിച്ച് ആക്ഷേപം ഉയരുന്ന പക്ഷം ഉത്തരവ് നൽകിയ റവന്യൂ ഡിവിഷണൽ ഓഫീസർ തന്നെ അത് തിരുത്തി നൽകി വരുന്നു. എന്നാൽ ഉത്തരവ് സംബന്ധിച്ച് മറ്റ് പരാതികൾ (അപേക്ഷ അനുവദിച്ചത്/നിരസിച്ചത് സംബന്ധിച്ച ആക്ഷേപം, തരം മാറ്റം അനുവദിച്ചത് മൂലം സമീപ ഉടമസ്ഥന് എന്തെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുണ്ടായത് സംബന്ധിച്ച പരാതി തുടങ്ങിയവ) ഉണ്ടാകുന്ന പക്ഷം ജില്ലാ കളക്ടർ മുമ്പാകെ നിയമത്തിന്റെ വകുപ്പ് 27 (ബി) പ്രകാരം അപ്പീൽ സമർപ്പിക്കുകയുമാണ് ചെയ്യുന്നത്. |
| (ഡി) | ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 11.6.2015.ലെ 28795/എ.ആർ 13(2)/14 നമ്പർ സർക്കുലർ പ്രകാരം റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് അവർ പുറപ്പെടുവിക്കുന്ന ഉത്തരവുകളിലെ തെറ്റുകൾ സ്വയം തിരുത്തി പുതിയ ഉത്തരവ് നൽകാൻ റവന്യൂ വകുപ്പിൽ നിന്നും ഉത്തരവ് നൽകിയിട്ടുണ്ടോ; ആയതിന് സമയ പരിധി നിശ്ചയിച്ചിട്ടുണ്ടോ? | (ഡി) | റവന്യൂ വകുപ്പിൽ നിന്നും ഉത്തരവുകൾ ഒന്നും തന്നെ നൽകിയിട്ടില്ല |

സെക്ഷൻ ഓഫീസർ